File No. 16.

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1630 — 21.01.2014 ൽ മറുപടിയ്ക്ക്

## സംയോജിത കാർഷിക വികസന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സംയോജിത കാർഷിക വികസന പദ്ധതിയുടെ നടത്തിപ്പിലൂടെ സർക്കാർ കൈവരിക്കാനുദ്ദേശിച്ചിരുന്ന ഭൗതിക നേട്ടങ്ങളെന്തൊക്കെയാണ്; അവ പൂർണ്ണമായും നേടാൻ കഴിഞ്ഞുവോ ; | (എ) | 2012-13 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച സംയോജിത കാർഷിക വികസന പദ്ധതിയിലൂടെ നെൽകൃഷി വികസനം, പച്ചക്കറി കൃഷി വികസനം, പയർവർഗ്ഗ, കിഴങ്ങുവർഗ്ഗ വിളകളുടെ വികസനം എന്നിവ നടപ്പിലാക്കി. അവയിലൂടെ നെല്ല്, പച്ചക്കറി, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുവാനും തദ്വാരാ കേരളത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനാണ് സർക്കാർ ഉദ്ദേശിച്ചിരുന്നത്. ഉദ്ദേശിച്ച ഭൗതികലക്ഷ്യങ്ങൾ ഏറെക്കുറെ നേടുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | ഉണ്ട്. വിളകളുടെ ഉൽപാദനം സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ പ്രസിദ്ധീകരിക്കുന്നത് ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ആണ്. 2012-13 സാമ്പത്തിക വർഷത്തെ ഉൽപാദനം സംബന്ധിച്ച കണക്കുകൾ നാളിതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.<br>എന്നാൽ കൃഷി ഡിപ്പാർട്ട്മെന്റ് നടത്തുന്ന അവലോകനങ്ങളിൽ വിലയിരുത്തിയ പ്രകാരം പദ്ധതി നടത്തിപ്പിലൂടെ ഉദ്ദേശം 45000 ടൺ നെല്ലും, 1.50 ലക്ഷം ടൺ വിവിധ ഇനം പച്ചക്കറികളും, 400 ടൺ പയർവർഗ്ഗങ്ങളും, 1.25 ലക്ഷം ടൺ വിവിധ ഇനം കിഴങ്ങുവർഗ്ഗങ്ങളും മുൻവർഷത്തേക്കാൾ കൂടുതലായി ഉൽപാദിപ്പിക്കുവാൻ കഴിഞ്ഞു എന്ന് കണക്കാക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എത്ര രൂപ നാളിതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | ഈ പദ്ധതിയുടെ നടത്തിപ്പിനായി നീക്കിവച്ചിരുന്ന 100 കോടി രൂപയിൽ 99.659 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. വിള തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെചേർക്കുന്നു. |

| | വിള | ചെലവഴിച്ച തുക (കോടി രൂപയിൽ) |
|---|---|---|
| 1 | നെല്ല് | 49.080 |
| 2 | പച്ചക്കറി | 49.080 |
| 3 | പയർവർഗ്ഗങ്ങൾ | 0.499 |
| 4 | കിഴങ്ങുവർഗ്ഗങ്ങൾ | 1.000 |
| | **ആകെ** | **99.659** |

സെക്ഷൻ ഓഫീസർ